"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഗതാഗത വകുപ്പ് - കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ - പി.എസ്.ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും സാമ്പത്തിക വർഷാവസാനം സർക്കാർ ഖജനാവിലേക്ക് തിരികെ വരവ് വച്ച തുകയായ 21,06,78,619/- രൂപ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗതാഗത (എ) വകുപ്പ്

സ.ഉ.(സാധാ) നം.263/2025/TRANS തീയതി,തിരുവനന്തപുരം, 03-06-2025

പരാമർശം:- കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 25.04.2025-ലെ ബഡ്.1/43832/2023 നമ്പർ കത്ത്.

ഉത്തരവ്

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്(കെ.എസ്.ആർ.ടി.സി.) 2024-25 സാമ്പത്തിക വർഷം വാഹന വ്യൂഹങ്ങളുടെ നവീകരണവും, ഗ്രണനിലവാരം മെച്ചപ്പെടുത്തലും എന്ന പദ്ധതിയുടെ നിർവ്വഹണത്തിനായി 5055-00-800-79 ശീർഷകത്തിൽ അനുവദിച്ച് നൽകിയ തുകയിൽ 30/03/2025-ൽ സർക്കാർ ഖജനാവിലേക്ക് വരവ് ചെയ്ത 21,06,78,619/- രൂപ (ഇരുപത്തിയൊന്ന് കോടി ആറ് ലക്ഷത്തി ഏഴുപത്തിയെണ്ണായിരത്തി അറുന്നൂറ്റി പത്തൊമ്പത് രൂപ മാത്രം) കെ.എസ്.ആർ.ടി.സി.യുടെ യുടെ ഫിനാൻഷ്യൽ അഡ്വൈസർ & ചീഫ് അക്കാണ്ട്സ് ഓഫീസറുടെ പേരിലുള്ള തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ പി.എസ്.ടി.എസ്.ബി. അക്കൗണ്ടിൽ (799012700002234) തിരികെ ലഭ്യമാക്കണമെന്ന് കെ.എസ്.ആർ.ടി.സി., ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. വാഹനവ്യൂഹങ്ങളുടെ നവീകരണവും ഗ്രണനിലവാരം മെച്ചപ്പെടുത്തലും എന്ന പദ്ധതിയ്ക്ക് 21,06,78,619/- രൂപ (ഇരുപത്തിയൊന്ന് കോടി ആറ് ലക്ഷത്തി ഏഴുപത്തിയെണ്ണായിരത്തി അറുന്നൂറ്റി പത്തൊമ്പത് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 5055-00-800-79 ശീർഷകത്തിലെ ബജറ്റ് വിഹിതത്തിൽ നിന്നും റിലീസ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി ബി നൂഹ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം.
ധനകാര്യ (പി.യു.-എ) വകുപ്പ്
(27.05.2025-ലെ നം. 3150541/PU-A2/59/2025-FIN പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (E 3136175)

ഉത്തരവിൻ പ്രകാരം,

Signed by
സെക്ഷൻ ഓഫീസർ.
Sawmini Jayakumar
Date: 04-06-2025 09:39:33

പകർപ്പ്:- ഗതാഗത വകുപ്പ മന്ത്രിയുടെ പി.എസ്.
ഗതാഗത വകുപ്പ സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.